# Govt. Technical High School, Pala



# സൃഷ്ടി

**ഡിജിറ്റൽ മാഗസിൻ**

"Imagination is more Important than Knowledge"

Albert Eintein

# Govt. Technical High School, Pala



Puliyannoor P. O. Mutholy
Kerala, India
Pin: 686573
Ph: 04822 205285
gmail: thspala@gmail.com

# *Message*



**Shri. SHIJU G R**
(Superintendent)

Warm greetings to all…
It gives me immense pleasure to share with you the initial attempt of a digital magazine under the auspices of the Little Kite Club of Govt Technical High School Pala. It is a perfect  harmony of literary articles which reflects the creativity and potential of our students.
I am very happy to convey my congratulations and best wishes to the editorial team who made this venture a great success.

# *Message*



## Shri. SREEKUMAR P S
(Engineering Instructor)

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് തിളക്കമാർന്ന നേട്ടങ്ങളുമായി നിൽക്കുന്ന സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ പാലാ, മറ്റൊരു നാഴികക്കല്ല് പിന്നീടുകയാണ്. ഇൻഫോർമേഷൻ ടെക്നോളജിയുടെ രംഗത്ത് മാതൃകാപരമായ അനേകം പ്രവർത്തനങ്ങളാണ് സ്കൂളിൽ സംഘടിപ്പിക്കപ്പെട്ടത്. ഇതിനു നേതൃത്വം നൽകുന്ന സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ മികവിനുള്ള കയ്യൊപ്പായി മാറാൻ ഈ ഡിജിറ്റൽ മാഗസീന് കഴിയട്ടെ! ആശംസകളോടെ......

# *Message*



## Shri. UNNIKRISHNAN R
(Foreman)

ഒറ്റ ക്ലിക്കിൽ ഏതു വിവരവും ലഭിക്കുന്ന ഇക്കാലത്ത് പമ്പരാഗത ശൈലിയിലുള്ള മാഗസിനുകളിലൂടെ കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുവാൻ കഴിയില്ല. തൂലികയുടെ സ്ഥാനം കീബോർഡും, മൗസും കൈയടക്കിയിരിക്കുന്നു. കോവിഡ് മഹാമാരി ഇതിന്റെ വേഗത കൂട്ടി. എങ്കിലും വായന മരിക്കുന്നില്ല എന്നത് ആശ്വാസകരമാണ്. നമ്മുടെ സ്കൂളിലെ കുട്ടികളെ വായനയുടെയും, വരകളുടെയും, എഴുത്തിന്റെയും ലോകത്തിലേക്കു കൊണ്ടുപോകാൻ കൈറ്റ് ക്ലബ് തുടങ്ങിയ സംരംഭമായ ഡിജിറ്റൽ മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# വാർഷിക റിപ്പോർട്ട്

## 2023 - '24



പാലാ ഗവൺമെന്റ് ടെക്‌നിക്കൽ ഹൈസ്കൂളിന്റെ പ്രൗഢമായ ചരിത്രത്തിലേക്ക് പുത്തൻ അധ്യായമെഴുതിചേർത്തുകൊണ്ടാണ് 2023-24 അദ്ധ്യയന വർഷം വിടപറയാനൊരുങ്ങുന്നത്. പാലാ JTS ൽനിന്ന് പാലാ THS ലേക്കുള്ള ജൈത്രയാത്രയിൽ ഒരുപാടു നാഴികക്കല്ലുകൾ നമ്മൾ താണ്ടി. ആകാശസീമയിൽ മന്ദസ്മിതം തൂകുന്ന ചന്ദ്രബിംബത്തിൽ വരെ പാലാ THS ന്റെ കയ്യൊപ്പ് ചാർത്തിക്കഴിഞ്ഞു. പാലാ THS ന്റെ അഭിമാനം ശ്രീ രാജീവ് വി ആർ നോട് നന്ദി അർപ്പിച്ചുകൊണ്ടുതന്നെ റിപ്പോർട്ട് ആരംഭിക്കട്ടെ.

2023ജൂൺ 1, നവാഗതർക്ക് സ്വാഗതമോതിയ പ്രവേശനോത്സവച്ചടങ്ങ് അക്ഷരാർത്ഥത്തിൽ സ്കൂളിന് ഒരു ഉത്സവച്ഛായ സമ്മാനിച്ചു. ബഹുമാനപ്പെട്ട വാർഡ്മെമ്പർ ശ്രീമതി ഷീബാ റാണി ചടങ്ങ് ഉത്ഘാടനം ചെയ്തു. ബ്രില്ല്യന്റ് സ്റ്റഡി സെന്റർ ഡയറക്ടർ ശ്രീ. സന്തോഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി. പാലാ JTS 1980-83 ബാച്ച് വിദ്യാർത്ഥിയും പ്രമുഖ അമേരിക്കൻ ഓയിൽ കമ്പനി Slunderger ന്റെ ചീഫ് ടെക്‌നിക്കൽ മാനേജരുമായ ശ്രീ. അനിൽകുമാർ ജി അനുഗ്രഹപ്രഭാഷണം നടത്തി. THSവിദ്യാഭ്യാസരീതി അടിത്തറയായി വലിയ ജീവിതവിജയം നേടിയ അദ്ദേഹത്തിന്റെ വാക്കുകൾ വിദ്യാർത്ഥികളിൽ വലിയ സ്വാധീനം ചെലുത്തി.

ടെക്‌നിക്കൽ ഹൈസ്കൂൾ പാലായ്ക്ക് എന്നും അഭിമാനിക്കാവുന്ന വിജയവാർത്ത പ്രധാനം ചെയ്തുകൊണ്ടാണ് ജൂണിൽ THSLC റിസൾട്ട് വന്നത്. 5 Full A+ അടക്കം തിളക്കമാർന്ന വിജയം. തുടർച്ചയായ 100 % വിജയമെന്ന പതിവ് ആവർത്തിക്കാനും പ്രിയ വിദ്യാർത്ഥികൾക്കായി.

ജൂൺ 21 ന് സ്കൂളിൽ നടന്ന വിക്ടറിഡേയും, പി. ടി. എ ജനറൽ ബോഡിയും ഉത്ഘാടനം ചെയ്തത് THS പാലാ 1984-87 വിദ്യാർത്ഥിനിയും കേരളത്തിലെതന്നെ ആദ്യത്തെ ആക്ടീവ് വനിതാ ഇലക്ട്രിക്കൽ A grade

കോൺട്രാക്ടറും 130 കോടിയിലേറെ വാർഷികവിറ്റുവരവുമുള്ള ഇലക്ട്രിക്കൽ ഉത്പന്ന കമ്പനിയുടെ ഉടമയുമായ ശ്രീമതി ശൈലജാ M P ആയിരുന്നു. തന്റെ വളർച്ചയുടെ പടവുകളിലെന്നും താങ്ങും തണലുമായത് THS പാലാ പകർന്നു നൽകിയ ആത്മവിശ്വാസമായിരുന്നു എന്ന വാക്കുകൾ ഹർഷാരവങ്ങളോടെയാണ് സദസ്സ് ഏറ്റുവാങ്ങിയത്. തന്റെ സ്ഥാപനത്തിൽ ജോലിയും വാഗ്ദാനം ചെയ്ത് മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും ഹൃദയത്തോട് ചേർത്ത് പിടിച്ചായിരുന്നു ശ്രീമതി ശൈലജ മടങ്ങിയത്.

വിദ്യാർത്ഥികളിൽ സാമൂഹിക അവബോധം വളർത്തുന്നതിനും ആരോഗ്യപരിരക്ഷ ശീലമാക്കുന്നതിനും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിനുമായി കൃത്യമായ ഇടവേളകളിൽ സെമിനാറുകളും ബോധവൽക്കരണക്ലാസ്സുകളും സംഘടിപ്പിച്ചു.

പ്രമുഖ കൗൺസിലർ ശ്രീ ബെന്നി സെബാസ്റ്റ്യൻ, ADART പാലായുടെ രക്ഷാധികാരി റവ. ഫാദർ ജെയിംസ്, Dr. ഗിരി വിഷ്ണു, അഡോളസെന്റ് കൗൺസിലർ ശ്രീമതി ലിസ് ഫിലിപ്പോസ്, സൈകാട്രിസ്റ്റ് സോഷ്യൽ വർക്കർ ശ്രീമതി ആഷാ മരിയ പോൾ, മെഡിക്കൽ ഓഫീസർ ഡോ. ചിന്നു ആർ ചന്ദ്രൻ, കിടങ്ങൂർ ജനമൈത്രി പോലീസ് എന്നിവർ നയിച്ച ക്ലാസ്സുകൾ അവയിൽ ചിലതു മാത്രം.

പരിസ്ഥിതിദിനം, വായനാദിനം, ഓണാഘോഷം, സേവനദിനം, കേരളപ്പിറവി - ഒരുമയുടെയും പഴമയുടെയും കരുതലിന്റേയും മൂല്യബോധത്തിന്റേയും ചിത്രങ്ങൾ പങ്കുവെച്ച് ഓരോ ആഘോഷങ്ങളേയും നമ്മൾ അനർഘനിമിഷങ്ങളാക്കി.

സ്കൂൾ തല Tech Fest, Arts, Sports മികച്ച വിദ്യാർത്ഥി പങ്കാളിത്തത്തോടെ സ്കൂളിൽ സംഘടിക്കപ്പെട്ടു. സംസ്ഥാന മേളകൾക്കായി മികച്ച പരിശീലനം ഒരുക്കി. സംസ്ഥാന കായികമേളയിൽ ഷോട്ട്പുട്ട് സ്വർണ്ണം കരസ്ഥമാക്കി നവമി അഭിലാഷ്, പങ്കെടുത്ത മൂന്നിനങ്ങളിലും എ ഗ്രേഡ് മാളവിക വിനോദ്, മൂന്ന് സംസ്ഥാനമേളകളിലും തിളക്കമാർന്ന വിജയമാണ് വിദ്യാർത്ഥികൾ കാഴ്ച വെച്ചത്. ഇതിനു പിന്നിൽ പ്രവർത്തിച്ച ടീം മാനേജർമാരെയും അഭിനന്ദിക്കുന്നു. വിദ്യാർത്ഥികളുടെ മനസ്സിലെന്നും ഹരിതാഭമായ ഓർമ സമ്മാനിക്കുന്നതായിരുന്നു വയനാടിന്റെ ദൃശ്യ ചാരുത നുകർന്ന സ്കൂൾ പഠനയാത്ര.

വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ ഉയർച്ചയെ ലക്ഷ്യമിട്ട് ക്ലബ്ബുകൾ മെന്റർ ഗ്രൂപ്പ് സ്കൂൾ ലൈബ്രറി ഓപ്പൺ ലൈബ്രറി എസ് ആർ ജി മീറ്റിംഗുകൾ വനിതാ സെൽ സ്കോളർ സപ്പോർട്ട് സ്റ്റീം ക്ലാസുകൾ അവാർഡുകൾ നിയതമായ ചട്ടക്കൂടിൽ അവിശ്രമം പാലാ ടി എച്ച് എസ് പ്രവർത്തന

പന്ഥാവിലാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഇല്ല നൂൺ ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രശംസനീയമായ രീതിയിൽ മുന്നോട്ടു പോകുന്നു. പാചകാവശ്യത്തിനുള്ള മുഴുവൻ ഗ്യാസും സ്പോൺസർ ചെയ്യുന്ന ബ്രില്ല്യൻഡ് സ്റ്റഡി സെന്ററിനെ ഏറെ നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ വിദ്യാർഥികൾക്ക് ക്യാഷ് അവാർഡ് സ്പോൺസർ ചെയ്ത മുൻ ഫോർമാൻ അംബിക ടീച്ചർ, വൈദ്യുതവിളക്കുകൾ പ്രഭ ചൊരിയുന്ന നോട്ടീസ് ബോർഡുകൾ അടക്കം സ്കൂളിന്റെ മുഖച്ഛായ മാറ്റിയ പ്രവർത്തനങ്ങൾ മുന്നിൽ നിന്ന് നയിച്ച മുൻ സൂപ്രണ്ട് സജീവ് സർ, അഡ്മിഷൻ പ്രവർത്തനങ്ങൾക്ക് രാപ്പകൽ ഭേദമന്യേ നേതൃത്വം നൽകിയ രക്ഷിതാക്കൾ, അധ്യാപകർ അഭ്യുദയകാംക്ഷികൾ, കുട്ടികളുടെ യാത്രാപ്രശ്നങ്ങൾ അടക്കം പരിഹരിക്കാൻ  മുന്നിൽ നിന്ന മോട്ടോർ വെഹിക്കിൾ ഡിപാർട്ട്മെൻറ്, പോലീസ് ഉദ്യോഗസ്ഥർ, സ്കൂൾ ഹെൽത്ത് നഴ്സ് ശ്രീമതി ജയസൂര്യ... പാലാ ടെക്നിക്കൽ ഹൈസ്കൂളിന്റെ കടപ്പാടിന്റെ കണക്കു പുസ്തകത്തിൽ ഓരോ പേരും രജതരേഖയായി മാറ്റ പ്പെടുക തന്നെ ചെയ്യും.

സ്കൂളിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന പ്രിയപ്പെട്ട മാർഗരറ്റ് ടീച്ചർ ഈ വർഷം ഔദ്യോഗികമായി വിട പറയുകയാണ്  എന്ന നഷ്ടബോധവും ഇവിടെ കുറിക്കട്ടെ!

ധാരാളം സഹായങ്ങൾ സ്കൂളിനായി ചെയ്യുമ്പോഴും മറ്റാരോടും പറയാതിരിക്കാൻ നിഷ്കർഷിക്കുന്ന പ്രിയപ്പെട്ട സ്റ്റാഫ് അംഗങ്ങളും പാലാ THS ന്റെ കരുത്താണ്. പരീക്ഷ മത്സരവിജയികൾക്കായി 5000 രൂപ തന്ന SBI യോട് പ്രത്യേക നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു.
ഇനിയും പൂർത്തിയാകാത്ത പുതിയ കെട്ടിടത്തിനും സ്കൂൾ ഗ്രൗണ്ട് നവീകരണത്തിനുമായി PTA യുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട MLA അടക്കമുള്ളവരുടെ സഹായം തേടുകയും പിന്തുണ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളുടെ അംഗീകാരമാണ് ഇക്കഴിഞ്ഞ നവംബർ 9 ന് കോതമംഗലം റീജിയണൽ ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, അസിസ്റ്റന്റ് ഡയറക്ടർ രാജേഷ് സാറിന്റെ നേതൃത്വത്തിലുള്ള അക്കാഡമിക് ഇൻസ്പെക്ഷൻ ടീമിന്റെ വിലയിരുത്തലുകൾ. മറ്റുപല സ്ഥാപനങ്ങളിലേയും പോരായ്മകളിലേക്കാണ് വിരൽ ചൂണ്ടപ്പെട്ടതെങ്കിൽ നമ്മുടെ പ്രവർത്തനമികവിനെ, വിശിഷ്യ കുട്ടികൾനേതൃത്വം നൽകുന്ന എല്ലാ ദിവസവും നടക്കുന്ന അസംബ്ലിയെ മുക്തകണ്ഠം പ്രശംസിക്കാനും അധികാരികൾ മറന്നില്ല. കുട്ടികളിൽ നിന്ന്  നിന്ന്  ഫീഡ് ബാക്ക് വാങ്ങി

സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടി അഭിനന്ദനവും നിർദ്ദേശങ്ങളും പങ്കുവച്ച് Inspection team മടങ്ങിയപ്പോൾ, സൂപ്രണ്ട് ഷിജു സാറിന്റെ നേതൃത്വത്തിലുള്ള സ്കൂൾ ടീമിന്റെ തൊപ്പിയിൽ ഒരു കിന്നരി കൂടി ചാർത്തപ്പെടുകയായിരുന്നു.

സ്കൂൾ അക്കാഡമിക് പ്രവർത്തനങ്ങൾക്കാവശ്യമായ വിവിധ രജിസ്റ്ററുകൾ, ലോഗുകൾ, പരീക്ഷപേപ്പറുകൾ പ്രിന്റ് ചെയ്ത് പ്രിന്റിംഗ് വിഭാഗം, ടെക്നിക്കൽ സ്കൂളിനെ ഒരു പ്രൊഡക്ഷൻ സെന്റർ കൂടിയാക്കി മാറ്റാൻ സാധിക്കുമെന്ന വലിയൊരു സന്ദേശമാണ് മുന്നോട്ടു വെയ്ക്കുന്നത്. അത്യാവശ്യമായി വരുന്ന മെയിന്റനൻസ് പ്രവർത്തനങ്ങളെല്ലാം വിവിധ ബ്രാഞ്ചുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ തന്നെ വിജയകരമായി ചെയ്യുന്നതിലൂടെ, THS ന്റെ പ്രസക്തി അടിവരയിട്ടു പറയുകയാണ്.

THS പാലായിൽ 8, 9, 10 ക്ളാസുകളിലായി 168 വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ GIFD യിൽ 40 വിദ്യാർത്ഥികൾ. ഒരു പോളിടെക്നിക്കിനോട് കിടപിടിക്കുന്ന ഈ സ്കൂളിന്റെ പേരും പെരുമയും ഇനിയുമേറെ മുന്നോട്ടു പോകേണ്ടതുണ്ട്. ആയിരക്കണക്കിന് സാങ്കേതികവിദഗ്ദരെ, സമൂഹത്തിന് സംഭാവന നൽകിയ, സാങ്കേതിക വിദ്യാഭ്യാസത്തിൻറെ അടിസ്ഥാനശിലയായ THS പാലായുടെ വിപുലമായ സൗകര്യങ്ങളും സാധ്യതകളും, സമസ്ത ജന വിഭാഗങ്ങളിലേയ്ക്കും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടേയും പിന്തുണ ഉണ്ടാകണം.

"ചിരിക്കുമ്പോൾ കൂടെ ചിരിക്കാൻ ആയിരം പേർ വരും
കരയുമ്പോൾ കൂടെ കരയാൻ നിൻ നിഴൽ മാത്രം വരും"

കേവലം കവിഭാവനയായി മാത്രം ഈ വരികളെ കാണാൻ ആഗ്രഹിച്ചു കൊണ്ട്, വിദ്യാർത്ഥികളുടെയും, സ്റ്റാഫംഗങ്ങളുടെയും സന്തോഷത്തിന്റെ നിമിഷങ്ങളിൽ മാത്രമല്ല; ഇടർച്ചകളിൽ, ദുഃഖങ്ങളിൽ സമാശ്വാസത്തിന്റെ കൈത്തിരിവെട്ടവുമായി എന്നുമെപ്പോഴും ടി എച്ച് എസ്സ് എന്ന വലിയ കുടുംബം ഒപ്പമുണ്ടാകുമെന്ന ഓർമ്മപ്പെടുത്തലോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**Sreekumar P S**
(Engineering Instructor)

# A Scary Adventure of Three Friends



**Kasinath M**

In 1997, March 25 was a day of happiness for all students as the school was closed for two months after the final examination. A lots of happiness for few hours to start summer vacation. Bell rings.... The teacher wishes the children “happy holidays”. All the children of the school are running to the gate. A gang who are the rulers of the school, standing at the gate. Everyone scare of them and children knelt down before them. They are known as “S.R.K” named Suraj, Ram and Kiran. They were planning to go for an adventure. But most of the places in Dharmanagar town were boring for them and they have gone many times. Suraj was the strongest, healthy and the leader of the gang and he has achieved Gold medal in Marshal arts. Ram was the very smart in class. Kiran was a best runner in the school and he selected in district and state level. They were very happy. As they were talking ,Ram told his friends about the dark forest behind the cemetery. They were shocked and exited to hear it. They planned to explore the forest but they have to ask permission from their parents. “ I am ready for that we need to tell our parents we were going for a football match” said Suraj. Everyone agreed his plan. Suraj called his friends to the playground and they planned about the adventure.They started their trip around at night and they reach the forest around midnight. They stayed back in the forest one day. They took some food, tools and other items for



their needs. Ram told his friends about the ghost in the house at the top of the mountain. But Suraj laughed at him and said, "My dear friend, are you kidding us?" Kiran explained, "Let me tell you the story of a crazy scientist who lived in the house. One day scientist made the experiment in his own body. By some the errors of the mechine ,he lost his life. But his soul mutated in a monster ghost. If anyone comes to his home, he kills the person." Suraj was shocked and promised always close together and do not go anywhere alone. They stepped together in the forest and they walked for hours .They reached in the middle of the forest. They made shelter and cooked some noodles and enjoyed eating. Suddenly Ram saw a house on top of the mountain. He wanted to explore the house and his friends followed him. They Climbed the mountain and reached the house. They opened the door of the house. Some strange voice they heard. Someone says "I will take you to the hell and make you a monster". Suddenly a Wolf like Monster came in front of them and they ran. The monster followed them and he spawned some rock monsters. Suraj fought with the rock monsters. He destroyed the rock monsters but it was not useful for them as they spawned continuously. They ran faster and they could reach the end of the mountain. They saw a broken bridge Kiran jumped first but Ram was fainted. Suraj put him up on his back and jumped but unfortunately he hanged at the edge of the bridge. He manged to throw Ram on the bridge. Unfortunately Suraj fell down and lost his life. Suddenly Ram woke up from his sleep and crying very loudly He was shivering. His mother came to has room and asked, "what happened ?" then he realized that it was a only scary nightmare.



# THE LITTLE BOY WHO WAS CURSED



**Felix Joseph Roy**
(THS 9 A)

One day not long ago there lived a very angry little boy.

Everything in life and everything about life made him angry.

The more angry he became the more frustrated he became well that just made him more angry.

He began to hurt the people around him who loved him the most. With each new insult and angry outburst he was hurting those that cared.

he wasn't seeing the consequences of his anger.

He couldn't understand that his action were causing other pain and hurt, he was too consumed by his own rage to even notice .

***

# കുറുമ്പൻ ആനക്കുട്ടൻ പാഠം പഠിച്ചു



**Abel John Francis**

ഒരിടത്തൊരു കാട്ടിൽ കുറുമ്പനായ ഒരു ആനക്കുട്ടൻ ഉണ്ടായിരുന്നു മറ്റ് ചെറിയ മൃഗങ്ങളെ ഒരാവശ്യവും ഇല്ലാതെ അവൻ ഉപദ്രവിക്കും അങ്ങനെയിരിക്കെ ഒരു ദിവസം കാട്ടിൽ കളിച്ചു ഒരു വലിയ മരക്കൊമ്പിൽ അവർ ഒരു കുരുവിയുടെ ക്രൂട് കണ്ടു ഉടനെ തന്നെ അവൻ ആ മരച്ചില്ല തുമ്പി കൈ കൊണ്ട് പിടിച്ചു കുലുക്കാൻ തുടങ്ങി ആ ക്രൂട്ടിൽ കുറെ മുട്ടകൾ ഉണ്ടായിരുന്നു പാവം അമ്മ കുരുവി അവൾ വേഗം പറന്നു ചെന്ന് ആനക്കുട്ടനോട് പറഞ്ഞു ആനക്കുട്ട ദയവ് ചെയ്ത് ഞങ്ങളെ ഉപദ്രവിക്കല്ലേ എന്റെ മുട്ടകൾ താഴെ വീണു ഉടഞ്ഞു ആനക്കുട്ടൻ ഉണ്ടോ കുരുവിയുടെ കരച്ചിൽ കേൾക്കുന്നു. അവൻ ക്രൂടുതൽ ശക്തിയോടെ മരിച്ചില്ല കുലുക്കി കുരുവിയുടെ മുട്ടകൾ ഓരോന്നായി താഴെ വീണു ഉടഞ്ഞു പാവം അമ്മ കുരുവി കരഞ്ഞ് തളർന്ന് അവിടെ ഇരുന്നു അവൾ ആന കുട്ടനോട് ഉറക്കെ വിളിച്ചു പറഞ്ഞു നിന്നെ ഞാൻ വെറുതെ വിടില്ലടാ ദുഷ്ടാ. ഇത്തിരി പോന്ന നീ എന്നെ എന്തു ചെയ്യാനാണ് ആനക്കുട്ടൻ പരിഹസിച്ചു കൊണ്ട് പറഞ്ഞു എന്നിട്ട് അവിടെ നിന്നും എങ്ങോട്ടോ പോയി. ഇതെല്ലാം കണ്ടുകൊണ്ട് ആ മരത്തിൽ ക്രൂടുക്രൂട്ടിയിരുന്ന ഒരു കടന്നൽ കുരുവിയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു അമ്മക്കുരുവി  ആ കടന്നലിനോട് ചോദിച്ചു ദുഷ്ടനായ ആന കുട്ടനോട് പകരംവീട്ടാൻ എന്നെ സഹായിക്കുമോ ഞാനെന്തു ചെയ്യാനാണ് കടന്നൽ ചോദിച്ചു എനിക്കൊരു ഉപായം തോന്നുന്നുണ്ട് ഞാൻ പറയാം അതിനു മുൻപ് നമുക്ക് ഒരാളുടെ സഹായം ക്രൂടി ആവശ്യമുണ്ട് കുരുവി പറഞ്ഞു

എന്നിട്ട് അവൾ അടുത്ത കുളത്തിൽ താമസിക്കുന്ന തവള ചേട്ടനെ പോയി കണ്ടു സഹായം അഭ്യർത്ഥിച്ചു തവള ചേട്ടൻ വേഗം തന്നെ കുരുവിയെ സഹായിക്കാമെന്ന് ഏറ്റു അങ്ങനെ അമ്മക്കുരുവി തന്റെ കടന്നൽ കൂട്ടുകാരെയും കൂട്ടി ആനക്കുട്ടൻ കളിക്കുന്ന സ്ഥലത്തെത്തി അവിടെ എത്തിയതും കടന്നൽക്കൂട്ടം തങ്ങളുടെ പണി തുടങ്ങി അവർ ആന കുട്ടനെ കൂട്ടത്തോടെ ആക്രമിച്ചു തലയിലും കണ്ണിലും കുത്തേറ്റ് കണ്ണു കാണാൻ പോലും വയ്യാതെ ആനക്കുട്ടൻ പരക്കം പാഞ്ഞു അപ്പോഴാണ് ദൂരെ തവള ചേട്ടന്റെ കരച്ചിൽ കേൾക്കുന്നത് ആനക്കുട്ടൻ വേഗം ആ ഭാഗത്തേക്ക് പാഞ്ഞു തവള കരയുന്നിടത്ത് കുളമോ നദിയെ ഉണ്ടാകുമല്ലോ

വെള്ളത്തിൽ ചാടിയാൽ കടന്നൽ കൂട്ടത്തിൽ നിന്നും രക്ഷപ്പെടാമല്ലോ തവളയുടെ കരച്ചിൽ കേട്ട സ്ഥലത്ത് പാഞ്ഞ് എത്തിയ ആനക്കുട്ടൻ അടിതെറ്റി വീണത് ഒരു കൊക്കയിലേക്ക് ആയിരുന്നു അമ്മക്കുരുവി  കൊക്കയുടെ വശത്തിരുന്നായിരുന്നു തവള ചേട്ടൻ കരഞ്ഞത് കുറേനേരം കഴിഞ്ഞ് മറ്റാനകൾ വന്ന് ആനക്കുട്ടനെ കുക്കയിൽ നിന്നും രക്ഷിച്ചു വീഴ്ച്ചയിൽ നല്ല പരിക്ക് പറ്റിയ ആനക്കുട്ടൻ അതോടുകൂടി ഒരു പാഠം പഠിച്ചു പിന്നെ അവൻ ആരെയും ഉപദ്രവിച്ചിട്ടില്ല.

***

# നല്ലവനായ കുട്ടു



**Adarsh V Vinod**

ഒരു ദിവസം രാവിലെ ഒരു മരച്ചുവട്ടിൽ കുട്ടു എന്ന മുയൽ കിടന്ന് ഉറങ്ങുകയായിരുന്നു ആപ്പോൾ എന്തോ ഒരു സാധനം അവൻെ ദേഹത്തു തട്ടി കുട്ടു പൊട്ടാന്ന് ഞെട്ടി ഉണർന്നു
അവൻ ചുറ്റിന്നു നൊക്കി അതു ഒരു കല് ആണ്

ഇത് വിടെനിന്നാണ് ? കുട്ടു ചുറ്റു നൊക്കി ആ അതൊ ഒരു കരടിക്കുട്ടൻ നിന്നു പേടി ചിരിക്കുന്നു അവനാണ് കല്ലെറിഞ്ഞെതത് കുട്ടു
ഒന്നും മിണ്ടാതെകുറച്ചു കഴിഞ്ഞാപ്പോൾ

അതാ ഒരു കരച്ചിൽ ആയ്യൊ  രക്ഷിക്കനേ കരച്ചിൽ കേട്ട ആ സ്ഥലത്തൊട്
കുട്ടു പെട്ടാന്ന് ഓടി ഓടി ചെന്നു അവിടെ അതാ തേനീച്ചകളുടെ കുത്തു കൊണ്ട് വീർത്ത വീർത്ത മുഖവുമായി നിക്കുന്ന കരടിക്കുടൻ കുട്ടുവിന് പാവം തോന്നി
നീ വിഷമിക്കെണ്ട ഇതിനുള്ള മരുന്ന് എന്നിക്കറിയാം അവൻ കരടിക്കുട്ടനോട്ട്
പാറഞ്ഞു കുട്ടു പെട്ടാന്ന് ഓടിപ്പോയി ഒരു പച്ചില മരുന്നു ഉണ്ടാക്കി വന്നു എന്നിട്ട്
അവൻ കരടിക്കുട്ടാൻെ മുഖത്തു പുരട്ടി
അതൊടെ കരടിക്കുട്ടാൻെ വേദന മാറി അവൻ കരടിക്കുട്ടാനൊട്ട് പറഞ്ഞു

**'ഇപ്പൊൾ കിടിയില്ലേ വെറുതെ നീ എല്ലാവരെയ്യും ഉപദ്രവിച്ചു നടന്നപ്പോൾ തേനീച്ചകളും നിന്നെ ഉപദ്രവിച്ചിലേ ഇനിയേല്ലും കുസൃതികാണിക്കാതെ മിടുക്കനായി നടക്കണം അവൻ കരടികുട്ടനൊട്ട് പറഞ്ഞു'**

# A P J ABDUL KALAM



Dr. A P J Abdul kalam, also known as the people's president, was born on october 15, 1931 in rameshwaram, tamil nadu. He attented st. joseph's college and went to earn a degree in aeronautical engineering from the madras institute of technology. He joined DRDO as a senior scientific assistant in 1958. Dr. kalam was nominated as the project director of SLVIII, india's first indigenous satllites launch vehicle. He is known as the misile man of india due to his contribution towards india's missile program. In 2002, he become the president of india. He took his last breath on july 27, 2015.



**U R Vaisakh mon**

# BEAUTY



Felix Joseph Roy

Beauty seen
in the sunlight
The trees the birds
Corn growing and people
working
OR dancing for their harvest
Beauty is heard
in the night
Wind sighing rain falling
or a singer chanting

# THE BEST OF FRIENDS

# ജനാധിപത്യം വെന്റിലേറ്ററിൽ



Manoj N N

ഇളകിയാടുന്നഞ്ജൂകൾ തൂണുകൾ
അടർന്ന് വീഴുന്നു നാം കാത്ത പൈതൃകം
വികൃതമായി, ബീഭത്സരൂപമായി
പരിണമിക്കുവാനില്ല നാളേറെയും

ഉയിർവെടിഞ്ഞ മഹാരഥന്മാരുടെ
ചിത പകർന്ന കെടാതിരിനാളങ്ങൾ
പ്രഭ പകർന്നു തെളിച്ചാ മൂലകങ്ങളിൽ
കരിപടർന്നങ്ങു കാന്തി മങ്ങീടുന്നു.

ജനാതിപത്യത്തിന്നാധാരശിലകളിൽ
പണാധിപത്യത്തിൻ, കരങ്ങളമരുന്നു.
അധികാരമോഹികൾ അറനെറിക്കൂടാതെ
മൃതിയിലേക്കുള്ള പാതകൾ തീർക്കുന്നു.

അരുതരുത് ഉറങ്ങരുത് ഉണർന്ന് മുന്നേറണം
ജനാതിപത്യത്തിൻ പവിത്രത കാക്കുവാൻ
കരുതണം വരും തലമുറയ്ക്കായി നാം
ഉടവു തട്ടാത്തൊരു നല്ല കാലങ്ങളെ...

നവനവ ചരിത്രത്തിന്നേടുകൾക്കുള്ളിലായ്
കാലം കുറിച്ച ചരിത്രങ്ങൾ മായുമോ?
പണാതിപത്യം രചിക്കും ചരിത്രത്തിൽ
ജനാധിപത്യം വിഭ്രുതിയായ് തീരുമോ?



**Athul R Nair**

# NEVER GIVE UP


There were four friends in a city there are born in a middle class family. One day they go to a library and notice an article about a MINE and it has a big diamond in it and the Diamond is worth millions of dollars. The friends decided to go there and find that diamond. A long journey from there city to this Mine They Finally reached at the mine AND Started mining. After 3 months of mining there are no diamonds to see yet. Suddenly one friend say I am tired of mine there are no diamonds here I am going home. Three friends try to stop him but He did not listen to them and after a 2 months they still mine but did not find any diamonds or valuable items because of that one more friend decided to go home. After 5 months still did not find any diamonds because of that one more friend go to home. After all that the last friend still mining for the Diamond . After 10 more days suddenly the friend mining hit something hard with his pickaxe after sometime cleaning it he finally realised that is the big Diamond that was in the article and after some struggle he found the Diamond worth millions of dollars . After his lot of hard work it fine paid of the meaning of the stories is

NEVER GIVE UP






# Albert Einstein



Albert Einstein was born at Ulm, in Wurttemberg, Germany, on March 14, 1879. six weeks later the family moved to munich, where he later on began his schooling at the Luitpold gymnasium. Later they moved to italy and Albert continued his education at Aarau, switzerland and in 1896 he entered the swiss federal polytechnic school in Zurich to be trained as a teacher in physics and mathematics in 1901, the year hegained his diploma, he acquired swiss citizenship and, as he was unable to find a teaching post, he accepted a position as technical assistant in the swiss patent office in 1905 he obtained his doctor's degree. He was a well renowned theoretical physicist who is widely held to be one of the greatest and most influential scientists of all time. Einstein also important contributions to anics and best known for developing the theory of relativity. His mass energy equivalence formula , which arises from relativity theory, has been

called "the world's most famous equation". He received the 1921 Nobel prize in Physics "for his services to theoretical physics, and
especially for his discovery of the law of the Photo electric effect. His work is also known for its influence on the philosophy of science. Einstein, the greatest physicist of all time died on 17 April 1955. His intellectual achievements and originality have made the word Einstein broadly synonymous with genius.





YASIR ES

# TAKE YOUR TREBLE



ALBIN JOBY

Take your troubles
Best you can
Stand right up
And play the man
Face 'cm just
As though you knew
You were coming
Sadly through
Blows will hurt
And bruise you maybe but don't whimper
Like a baby
Stand right up
And be a man
Meet your troubles
Best you can

# വഴിയിലെ നിഴൽ

ഒരു ദിവസം ഭാര്യയയും ഭർത്താവും ഒരു പാർട്ടിക്ക് പോവാൻ തുടങ്ങുകയായിരുന്ന അപ്പോൾ ഭർത്താവ് പറഞ്ഞു അഞ്ചുമണിക്ക്  മുമ്പ് ഇറങ്ങണം എന്നാലെ ആറു മണിക്കു മുമ്പ് ചെല്ലത്തുള്ളു അവർ യാത്ര തിരിച്ചു അവർ പാർട്ടിയെല്ലാം കഴിഞ്ഞ് തിരിച്ചു പുറപ്പെട്ടു ഒരു ഹൈവേയിൽ വെച്ച് ഒരാൾ റോഡിനു കുറുകെ പോകുന്നതു പോലെ കണ്ടു അപ്പോൾ ഭർത്താവ് ഇറങ്ങി നോക്കി അപ്പോൾ ഒന്നും കണ്ടില്ല അവർ വീണ്ടും യാത്ര തിരിച്ചു അവർ പോകുന്നത് ഒരു കാടിന്റ മധ്യത്തിലൂടെയാണ് അവർ സഞ്ചരിച്ചത്. എന്നാൽ അവർ അരികിലെ കണ്ണാടിയിലൂടെ നോക്കിയപ്പോൾ ഒരാൾ നിൽക്കുന്നതു കണ്ടു .അവർ കാർ നിർത്തി റോടിലേക്കിറങ്ങി അപ്പോൾ ആരെയും കണ്ടില്ല .അവർ രണ്ടുപേരും നിൽക്കുമ്പോൾ ഒരു കൈവന്ന് അവന്റെതോളത്തെക്കു പിടിച്ചു .അപ്പോൾ അവൻ പേടിച്ചു  പുറകോട്ട് നോക്കി. ഒരു പേടിപെടുത്തുന്ന രൂപം കണ്ടു. അപ്പോൾ തന്നെ കാറിൽ കയറിപെട്ടന്ന് വീട്ടിലേക്കു പോയി .ആ പേടി മാറാൻ അവർ വെള്ളം കുടിച്ചിരുന്നപ്പോൾ അവൻ വെളിയിലേക്കു നോക്കി. ആ കാറിന്റെ അടുത്ത് ഒരു രൂപം നിൽക്കുന്നത്പോലെ തോന്നി. അവൻ പെട്ടന്ന് ചെന്നു വാതിൽ  അടച്ചു .അതുകഴിഞ്ഞ് അവൻ രാവിലെ എഴുന്നേറ്റു ഓഫീസ്സിലേക്ക് പോയി.ഓഫീസിലേ വർക്ക് ചെയത് ചെയ്ത് അവൻ ചെറിയരീതിയിൽ മയങ്ങിപോയി. അപ്പോൾ ഇന്നലെ നടന്ന കാര്യങ്ങൾ സ്വപനം കണ്ടു. ഓഫിസിലെ ഒരു സ്റ്റാഫ് വന്ന് അവനെ വിളിച്ചു . അവൻ ഞട്ടി എഴുന്നേറ്റു സ്റ്റാഫ് ചോദിച്ചു "എന്ത് പറ്റി " അവൻ പറഞ്ഞു "ഒന്നുമില്ല". അവൻ ഓഫിസിലെ വർക്ക് കഴിഞ്ഞ് വീട്ടിലെക്കു വരുമ്പോൾ ഒരു അപകടം ഉണ്ടായി. അവൻ കാറിൽ നിന്ന് ഇറങ്ങിയപ്പോൾ അങ്ങ് ദൂരെ ഒരു പെൺകുട്ടി നിൽക്കുന്നത് കണ്ടു. അവൻ അങ്ങോട്ട് ഓടിച്ചെന്നപ്പോൾ അവൾ ഓടി. അവൻ അവളുടെ പുറകെ ചെന്നപ്പോൾ അവൻ ഒരു മരക്കമ്പിൽ തട്ടി വീണു, ബോധം പോയി.കുറച്ച് സമയം കഴിഞ്ഞപ്പോൾ അവൻെ്റ ബോധം വന്നപ്പോൾ അവനൊരു ശവപ്പെട്ടിക്കാത്തായിരുന്നു. അവൻ നേരത്തേതന്നെ ഒരു കാർ അപകടത്തിൽ തന്നെ മരിച്ചിരുന്നു.

BY,

ABHISHEK ANIL

# Govt. Technical High School, Pala

## LITTLE KITE MEMBERS



**2021-24 Batch**

**2022-25 Batch**





**2023-26 Batch**

# GOVT. OF KERALA
# DEPARTMENT OF TECHNICAL EDUCATION

Email: thspala@gmail.com    സ്ഥാപിതം:1960

## സാങ്കേതിക വിദ്യ പ്രദാനം ചെയ്ത് ആയിരക്കണക്കിന് സാങ്കേതിക വിദഗ്ദ്ധരെ വാർത്തെടുത്ത 63 വർഷങ്ങൾ.



എട്ടാംക്ലാസ്സ് പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം!!

എൻജിനീയറിംഗ് മേഖലയിലേക്കുള്ള സ്വപ്നങ്ങൾക്ക്
ഉറച്ച അടിത്തറയേകാം... അനന്തമായ
ജോലി സാധ്യതകളിലേക്ക് നടന്നു കയറാം...
ആത്മവിശ്വാസത്തോടെ ജീവിതവിജയം നേടാം..
കേരളത്തിലെ ഏറ്റവും കൂടുതൽ ബ്രാഞ്ചുകൾ ഉള്ള
സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ,
പാലായിൽ പ്രവേശനം നേടുക വഴി!!

ഏഴാംക്ലാസ്സ് പാസ്സായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം!!

**സ്പെഷ്യലൈസ്ഡ് ബ്രാഞ്ചുകൾ (Main Trades)**

1 .ELECTRONICS
2. AUTOMOBILE (MTTW)
3. ELECTRICAL
5. TURNING
6. WELDING
7. PRINTING

**NSQF ബ്രാഞ്ചുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി)**

1 .ELECTRONICS
2. AUTOMOBILE (MTTW)
3. ELECTRICAL
4. PRODUCT & MANUFACTURING
5. PRINTING

**അടിസ്ഥാന ട്രേഡുകൾ (Basic Trades for STD VIII)**

1. SMITHY
2. CARPENTRY
3. ELECTRICAL
4. FITTING
5. WELDING
6. ELECTRONICS
7. SHEET METAL

അന്വേഷണങ്ങൾക്ക്:Govt. Technical High School, Puliyannoor PO, 686573.
Ph: 9495750461, 9249734576, 9400756446, 9605276115, 04822

# തൊഴിലവസരങ്ങൾ

ഗവണ്മെന്റ്, പൊതുമേഖല, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങളിലും ടെക്നിക്കൽ പോസ്റ്റുകളിലേക്കു അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത.

ദൈനംദിന ജീവിതത്തിൽ അനിവാര്യമായ ടെക്നിക്കൽ രംഗത്തെ അറിവുകൾ വളരെ ചെറിയ പ്രായത്തിൽ തന്നെ കരഗതമാവുന്നു.



കേവലം 16 വയസിൽ SSLC ക്കു തുല്യമായ THSLC സർട്ടിഫിക്കറ്റും രണ്ട് വർഷത്തെ 2 തൊഴിൽ പരിചയ സർട്ടിഫിക്കറ്റും.. NSQF പദ്ധതി പ്രകാരം 2 വർഷത്തെ, മറ്റൊരു ബ്രാഞ്ചിൽ ലഭിക്കുന്ന തൊഴിൽ സർട്ടിഫിക്കറ്റ്.




PSC നിയമനങ്ങളിൽ ITI യ്ക്കു തുല്യമായ തൊഴിൽ സർട്ടിഫിക്കറ്റ്.

സ്കൂൾ തലം കഴിഞ്ഞാൽ കലാ കായിക ടെക്ഫെസ്റ്റ് മത്സരങ്ങൾക്ക് സംസ്ഥാനതലത്തിൽ നേരിട്ട് മത്സരിക്കാം
– ഗ്രേസ് മാർക്കിനും തുടർപഠന ആനുകൂല്യങ്ങൾക്കും വലിയ സാദ്ധ്യത.






THS, Diploma, ENGG നേടുക വഴി സർക്കാർ / അർദ്ധസർക്കാർ / പൊതുമേഖലയിലടക്കം എല്ലാ വിഭാഗം ജോലികൾക്കും പരിഗണിക്കപ്പെടുന്നു.

പത്താം ക്ലാസ്സ് കഴിഞ്ഞ THS വിദ്യാർത്ഥികൾക്ക് പോളിടെക്നിക് പ്രവേശനത്തിന് 10% സീറ്റ് സംവരണം. ഡിപ്ലോമ കഴിഞ്ഞ് ലാറ്ററൽ എൻട്രി വഴി മൂന്നാം സെമസ്റ്ററിലേക്ക് എൻജിനീയറിംഗ് പ്രവേശനം. തൻമൂലം എൻട്രൻസ് കടമ്പ ആവശ്യമില്ലാതാകുന്നു.



# ദൃശ്യങ്ങൾ സംസാരിക്കട്ടെ !


















ഒരു പോളിടെക്നിക്കിനോട് കിടപിടിക്കുന്ന ഭൗതിക സാഹചര്യങ്ങൾ..

**THS പാലാ ........**

എന്തുകൊണ്ട് മുന്നിട്ടു നില്ക്കുന്നു..

- THSLC പരീക്ഷയിൽ തുടർച്ചയായ 100% വിജയം.
- ഫുൾ A+ വിദ്യാർത്ഥികളുടെ എണ്ണത്തിൽ തുടർച്ചയായ വർദ്ധനവ്.
- വ്യക്തിത്വ വികസനത്തിന് കൗൺസിലിംഗ്/ ബോധവൽക്കരണ ക്ലാസ്സ്.
- കുട്ടികളിൽ ആത്മ വിശ്വാസം പകരാൻ ജീവിതവിജയം നേടിയ പൂർവ്വ വിദ്യാർഥികളുമായി ചേർന്ന് കൃത്യമായ ഇടവേളകളിൽ മീറ്റിങ്ങുകൾ/ ക്ലാസ്സുകൾ.
- എല്ലാ ദിവസവും അസംബ്ലി... അതുവഴി പങ്കുവയ്ക്കപ്പെടുന്ന ആശയങ്ങളിലൂടെ സാമൂഹ്യ ബോധമുള്ള ജനതയെ വാർത്തെടുക്കുക.
- വിപുലമായ ലൈബ്രറി / ഓപ്പൺ ലൈബ്രറി സംവിധാനം.
- ശക്തമായ പി ടി എ , അലൂമിനി പ്രവർത്തനങ്ങൾ. സ്നേഹവും, കരുതലും കൈമുതലയായ സ്റ്റാഫ് അംഗങ്ങൾ.
- പ്രകൃതിയോട് ഇഴുകി ചേർന്ന കാമ്പസ്.

ആധുനിക യന്ത്രങ്ങളിലടക്കം ഓരോ വിദ്യാർത്ഥിക്കും പരിശീലനം (Hands on training) നൽകുന്ന Lab/Workshop!

# ടി എച്ച് എസ് പാലായുടെ പടവുകളിലൂടെ ജീവിതവിജയത്തിന്റെ ഔന്നത്യങ്ങളിലെത്തിയ ആയിരങ്ങൾ! പരിചയപ്പെടാം....ചുരുക്കം ചിലരെ.....



"കാര്യങ്ങളെ വ്യത്യസ്തമായ രീതിയിൽ കാണാൻ പഠിപ്പിച്ചത് THS പാലായിലെ വിദ്യാഭ്യാസം..... ആശംസകളോടെ..."

ശ്രീ. രാജീവ് വി.ആർ
T H S Pala 2000-2003
ചാന്ദ്രയാൻ പങ്കാളി
ISRO, ശ്രീഹരിക്കോട്ട



"എല്ലാ നേട്ടങ്ങളുടേയും അടിസ്ഥാനം T H S വിദ്യാഭ്യാസം.... THS വഴി തെരഞ്ഞെടുക്കുന്ന വർക്കെല്ലാം വിജയാശംസകൾ."

ശ്രീമതി. ഷൈലജ എം.പി
T H S Pala 1984-87
ആദ്യ വനിത കോൺട്രാക്ടർ
(Govt./PWD) A grade

"മത്സരപ്പരീക്ഷകളിൽ മുന്നിൽ എത്താൻ സഹായിച്ചത് JTS (ഇപ്പോൾ T H S) പഠനം... ബാല്യത്തിലെ വലിയ ആഗ്രഹമായിരുന്നു T H S,പാലാ"



ശ്രീ. അനിൽകുമാർ ജി
T H S Pala 1980-83
ചീഫ് ടെക്നിക്കൽ മാനേജർ
സ്ലംബർജർ,USA

"T H S ,പാലായിലെ പഠനം ജീവിത വിജയത്തിൽ ഏറെ സ്വാധീനം ചെലുത്തി.നേട്ടങ്ങളിൽ T H S പാലായോട് കടപ്പാട് ഏറെ വലുതാണ്."



ശ്രീ. ആന്റണി K C
T H S Pala 1980-83
RTO (Enforcement)
Alappuzha

"സാങ്കേതിക വിദ്യാഭ്യാസം നേടാനായത് ജീവിത വിജയത്തിന്റെ മുഖ്യ കാരണമായി... ആത്മവിശ്വാസം പകർന്നു നല്കിയത് T H S Pala..എന്നും നന്ദി.... ഭാവുകങ്ങളോടെ..."



ശ്രീ. ജോൺസൺ മാത്യു
T H S Pala 1984-87
വൈസ് പ്രിൻസിപ്പാൾ
ഗവ. ITI, പള്ളിക്കത്തോട്

രാഷ്ട്രപിതാവ് മഹാത്മ ഗാന്ധി വിഭാവനം ചെയ്ത, വിദ്യാഭ്യാസത്തിനൊപ്പം തൊഴിലെന്ന ആശയത്തിന്റെ പൂർത്തീകരണമാണ്, ഇന്ത്യയിൽ കേരളത്തിൽ മാത്രം നടപ്പിലാക്കപ്പെട്ട ടെക്നിക്കൽ ഹൈസ്കൂളുകൾ. ആ ക്രാന്തദർശിയുടെ സ്വപ്നങ്ങൾ പൂർത്തീകരിക്കാം.. ആത്മവിശ്വാസമുള്ള വിദ്യാർഥികളെ വാർത്തെടുക്കുക വഴി! സ്വപ്നങ്ങൾ കാണാൻ ഒരു തലമുറയെ പ്രചോദിപ്പിച്ച എ പി ജെ അബ്ദുൾ കലാമിന്റെ ആശയങ്ങളെ ഹൃദയത്തിലേറ്റാം. സാങ്കേതിക പരിജ്ഞാനമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുക വഴി! ഓർക്കുക... കാലവും തിരമാലയും ആർക്കും വേണ്ടിയും കാത്തു നില്ക്കില്ല!

വിദ്യാഭ്യാസ സമ്പ്രദായത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരിക എന്ന ആശയത്തിന്റെ ശൈശവ ഘട്ടത്തിൽ മാത്രം രാജ്യം എത്തിനിൽക്കുമ്പോൾ, 63 വർഷക്കാലമായി സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ മികച്ച പ്രതിഭകളെ വാർത്തെടുത്ത്, കാലത്തിനു മുമ്പേ കുതിച്ചു പായുന്ന പാലാ ഗവ. ടെക്നിക്കൽ ഹൈ സ്കൂളിലേക്ക് സ്വാഗതം!